(ജി) ഇത് സംബന്ധിച്ച് എന്തെല്ലാം പോരായ്മകൾ സർക്കാർതല ത്തിൽ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ബി) സംസ്ഥാന സർക്കാരിന്റെ കീഴിൽ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നില്ല. സംസ്ഥാന സർക്കാർ നടത്തിവരുന്ന വൃദ്ധ സദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയുടെ വിവരം അനുബന്ധമായി (1)† ചേർക്കുന്നു.

(സി) സന്നദ്ധ സംഘടനകൾ നടത്തിവരുന്നതും ഓർഫനേജ് കൺട്രോൾ ബോർഡും, സർക്കാരും അംഗീകരിച്ചതുമായ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയുടെ ലിസ്റ്റ് അനുബന്ധം 11 ആയി ചേർക്കുന്നു.

(ഡി) അനാഥാലയങ്ങളും വൃദ്ധമന്ദിരങ്ങളും നടത്തുന്ന ചില സന്നദ്ധ സംഘടനകൾക്ക് വിദേശ സഹായം ലഭിക്കുന്നുണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്)&(ജി) സന്നദ്ധ സംഘടനകൾക്ക് വിദേശസഹായം ലഭിക്കു ന്നത് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടെയാണ്. ഇത് എപ്രകാരം ചെല വാക്കുന്നു എന്നതിനുള്ള പരിശോധന നടത്തുന്നതിനുള്ള സംവിധാനമില്ല.

60 (636) ജുവനയിൽ ജസ്റ്റീസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജുവനയിൽ ജസ്റ്റീസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ട്; അവ ഏതെല്ലാമാണെന്നറിയി ക്കുമോ;

(ബി) സംസ്ഥാനത്ത് ജുവനയിൽ കോടതികൾ പ്രവർത്തിക്കു ന്നുണ്ടോ; എങ്കിൽ എത്ര എണ്ണം; എവിടെയൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാന ജുവനയിൽ വെൽഫെയർ ബോർഡിന്റെ പ്രവർ ത്തനം ആരംഭിച്ചതെന്നാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജുവനയിൽ ജസ്റ്റീസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന 18 സ്ഥാപനങ്ങൾ ഉണ്ട്. 2 സ്പെഷ്യൽ ഹോമുകൾ 6 ജുവന യിൽ ഹോമുകൾ, 10 ഒബ്സർവേഷൻ ഹോമുകൾ എന്നിവയാണ് പ്രസ്തുത സ്ഥാപനങ്ങൾ.

(ബി) സംസ്ഥാനത്ത് 14 ജുവനയിൽ കോടതികൾ പ്രവർത്തിക്കു ന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്, തലശ്ശേരി എന്നീ 9 ഒബ്സർവേഷൻ ഹോമു കളിൽവച്ച് ജുവനയിൽ കോടതികൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ്, വയനാട്, എന്നിവിടങ്ങളിൽ ബന്ധപ്പെട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിൽവച്ച് ജുവനയിൽ കോടതികൾ കൂടുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 15.2.1991-ലാണ് സംസ്ഥാനത്ത് ജുവയിൽ വെൽഫെയർ ബോർഡുകൾ പ്രവർത്തനം ആരംഭിച്ചത്.

61 (637) ഐ.സി.ഡി.എസ്. പ്രോജക്ടുകൾ അനുവദിക്കാൻ നടപടി

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലുമാണ് ഐ.സി.ഡി.എസ്. പ്രോജക്ടുകൾ അനുവദിക്കുവാൻ ബാക്കിയുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര ഐ.സി.ഡി.എസ്. പ്രോജക്ടുകളാണ് അനുവദിക്കപ്പെട്ടിരുന്നതെന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രോജക്ടുകൾ പുതുതായി അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) ഈ വർഷം ആരംഭിച്ച പ്രോജക്ടുകളുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര പ്രോജക്ടുകളിലേക്ക് അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും തിരഞ്ഞെടുത്തുകഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ മുഴുവൻ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ഐ.സി.ഡി.എസ്. പദ്ധതി അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന 23 ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. ന്റെ പ്രവർത്തനം 2000-2001 സാമ്പത്തിക വർഷം മാത്രമേ ആരംഭിക്കുകയുള്ളു.

1. പാറശ്ശാല
2. വെള്ളനാട്
3. മുഖത്തല
4. കോയിപ്പുറം
5. ഈരാറ്റുപേട്ട
6. ഏറ്റുമാനൂർ
7. ഉഴവൂർ
8. ആലങ്ങാട്
9. അങ്കമാലി
10. ഇടപ്പള്ളി
11. കോതമംഗലം
12. മൂവാറ്റുപുഴ
13. പള്ളുരുത്തി
14. ചേർപ്പ്
15. കൊടകര
16. കൊടുങ്ങല്ലൂർ
17. മതിലകം
18. തോടന്നൂർ
19. മഞ്ചേരി
20. വടകര
21. കൊല്ലം പുനലൂർ (അർബൻ)

LIBRARY ARCHIVES Kerala Legislative Assembly